പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1688 | 03.05.2017 ൽ മറുപടി നല്കേണ്ടത്: |

**മലിനമാക്കപ്പെടുന്ന മത്സ്യവില്പന തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വഴിയോരത്തും ചന്തയിലും മത്സ്യക്കച്ചവടം നടത്തുന്ന തൊഴിലാളികൾ മത്സ്യത്തിൽ മണൽ പുരട്ടി വില്പന നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇങ്ങനെ മലിനമാക്കപ്പെടുന്ന മത്സ്യവില്പന തടയാൻ നടപടികൾ സ്വീകരി ക്കുമോ; | എ) | ഉണ്ട്. നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | മത്സ്യക്കച്ചവടം ആരോഗ്യകരമായ അന്തരീ ക്ഷത്തിൽ നടത്തുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുവാൻ ആലോചിക്കുന്നു; വിശദമാക്കുമോ? | ബി) | മത്സ്യകച്ചവടം ആരോഗ്യകരമായ അന്തരീക്ഷത്തിൽ നടത്തുന്നതിന് സർക്കാർ 'ഓപ്പറേഷൻ സാഗർറാണി' എന്ന ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി അനുസരിച്ച് മത്സ്യബന്ധന വിപണന മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ആദ്യഘട്ടമായി ബോധ വത്കരണ പരിപാടികൾ സംഘടിപ്പിച്ചു ഇതുകൂടാതെ കേരളാ സ്റ്റേററ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ ഡോക്യുമെന്ററി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് മത്സ്യത്തിന്റെയും ഐസിന്റെയും ഏകദേശം 420 സാമ്പിളുകൾ ശേഖരിച്ചു പരിശോധിച്ചു 'കേടുവരാത്ത മത്സ്യം ജനാരോഗ്യത്തിന് ' എന്ന പേരിൽ ലഘുലേഖ അച്ചടിച്ച് ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. മത്സ്യബന്ധന വിപണന മേഖലകളുമായി പ്രവർത്തിക്കുന്നവർക്ക് രജിസ്ട്രേഷൻ സമ്പ്രദായം നിർബന്ധമാക്കി. |

സെക്ഷൻ ഓഫീസർ